പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1920 — 17.03.2015-ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ് സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.യു.കുരുവിള | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ജനമൈത്രി പോലീസ് സംവിധാനം എല്ലാ സ്റ്റേഷനുകളിലും നടപ്പിലാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) നിലവിൽ 267 പോലീസ് സ്റ്റേഷനുകളിലാണ് ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ സ്റ്റേഷനുകളിൽ നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) പൊതുജനങ്ങളോട് സൗഹാർദ്ദപരമായി ഇടപെടുന്നതിനും നാട്ടിൽ സമാധാനം നിലനിർത്തുന്നതിനും പോലീസ് സേനയിലെ എല്ലാ അംഗങ്ങൾക്കും വർഷം തോറും പ്രത്യേക ട്രെയിനിംഗ് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; | : (ബി) പൊതുജനങ്ങളോട് സൗഹാർദ്ദപരമായാണ് പോലീസ് ഇടപെടുന്നത്. നാട്ടിൽ സമാധാനം നിലനിർത്തുന്നതിന് പോലീസ് സേനയിലെ എല്ലാ അംഗങ്ങളും പ്രതിജ്ഞാബദ്ധരാണ്. പോലീസ് സേനയ്ക്ക് പ്രത്യേക ട്രെയിനിംഗ് നൽകുന്നതിന് നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കുന്നതാണ്. |
| (സി) പോലീസ് സേനയെ ശക്തിപ്പെടുത്തി കൂടുതൽ ജനസൗഹൃദമാക്കുന്നതിനും ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും, ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | : (സി) പോലീസ് സേനയെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് ജനമൈത്രി സംവിധാനം വളരെയധികം സഹായിക്കുന്നുണ്ട്. ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള നിയമപ്രകാരം കർശന നടപടി സ്വീകരിച്ചുവരുന്നു. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ